21/1/23

28/01/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ **AP.No. 1399(5)/22/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No.16706/SIC-G7/2022

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി – 20.01.2023**

**ശ്രീ. ആർ. ശിവരാജൻ ചെട്ടിയാർ,**
**ദേവീകൃപ,**
**ചെമ്പകമംഗലം,**
**കോരാണി. പി.ഒ,**
**തിരുവനന്തപുരം.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്,**
**വഞ്ചിയൂർ, തിരുവനന്തപുരം – 695 035.**

**അപ്പീൽ അധികാരി,**
**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്,**
**വഞ്ചിയൂർ, തിരുവനന്തപുരം – 695 035.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 14.09.2022 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 20.09.2021 |
| ഒന്നാംഅപ്പീൽ | 29.09.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 28.10.2022 |
| രണ്ടാംഅപ്പീൽ | 03.11.2022 |
| ഹിയറിംഗ്തീയതി | 08.11.2022 |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ എസ്.പിഐഒയോട് ആവശ്യപ്പെട്ടത്, KB3614/2011/E4 നമ്പർ ഫയലിന്റെ മുഴുവൻ പേജിന്റെയും വിവരങ്ങൾ/ പകർപ്പുകൾ, 14.06.2019 ലെ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം 30.08.2019ൽ നടത്തിയ ഹിയറിംഗിന്റെ തീരുമാനം, അതിന്റെ വിശദവിവരം, തീരുമാനം ആയില്ലെങ്കിൽ വൈകിയതിന്റെ കാരണം, പ്രസ്തുത കേസിൽ മറ്റ് ഉദ്യോഗസ്ഥരുടെ പങ്ക് എന്താണ്, മറ്റ് ആർക്കെ

ങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിവരം നൽകുക, ഇല്ലെങ്കിൽ ആയതിന്റെ കാരണം സഹിതം വിവരം, ബഹു. ഹൈക്കോടതി 30.01.2015 ലും 14.06.2019 ലും ആർ.ആറിന് വിലക്ക് ഏർപ്പെടുത്തിയിട്ടും ഹർജിക്കാരന്റെ വസ്തുവിൻമേൽ വില്പന വിലക്കേർപ്പെടുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരം, വില്പന വിലക്ക് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവയാണ്.

2. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും നേർവിചാരണയിൽ അപ്പീൽഹർജിക്കാരനും ഒന്നാം എതിർകക്ഷിയും പങ്കെടുക്കുകയും മൊഴി നൽകുകയും ഉണ്ടായി.

3. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയെന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഒന്നാം അപ്പീലിൻമേലും മറുപടി നൽകുകയുണ്ടായിയെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട കെ.ബി 3614/2011/ഇ4 ഫയൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ബോർഡിൽ നിന്നും കസ്റ്റഡിയിലെടുത്തിട്ടുള്ളതാണെന്നും കേസ് അന്വേഷണത്തിൽ ഉൾപ്പെട്ട വിവരങ്ങൾ ടിയാന് നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈകൊള്ളേണ്ടത് വിജിലൻസ് അധികൃതർ ആണെന്നും ഒന്നാം അപ്പീൽ പ്രകാരം ടി ഫയലിന്റെ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും 14.06.2019 ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30.08.2019 തീയതി ഹിയറിംഗ് നടത്തുകയും എന്നാൽ ബന്ധപ്പെട്ട ഹിയറിംഗ് തീരുമാനം ഫയലിൽ ലഭ്യമല്ലാത്തതും ഹിയറിംഗിൽ തീരുമാനം കൈകൊള്ളേണ്ടത് ഖാദി ബോർഡ് ചെയർമാനായ ബഹു. വ്യവസായ വകുപ്പ് മന്ത്രിയാണെന്നും തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ നിലവിലെ ഖാദി ബോർഡ് ചെയർമാന് കൈമാറി നടപടി സ്വീകരിക്കുന്നതാണെന്നും ഹൈക്കോടതി ആർ.ആർ. വിലക്ക് ഏർപ്പെടുത്തിയിട്ടും വസ്തുവിൻമേൽ വില്പന വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന ഹർജിക്കാരന്റെ ചോദ്യത്തിന് ബഹു. ഹൈക്കോടതി ഉത്തരവുകൾ പ്രകാരം ആർ. ആർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്ന കാലയളവിൽ അപേക്ഷകന്റെ വസ്തു കൈമാറ്റത്തിന് ഖാദി ബോർഡ് വിലക്ക് ഏർപ്പെടുത്തിയിരുന്നില്ലായെന്ന് മറുപടി നൽകിയിരുന്നു എന്നുമാണ് ഒന്നാം എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ചിട്ടുള്ളത്.

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചത്, 15.01.2001 മുതൽ 31.05.2011 വരെ ഖാദി ബോർഡിൽ ക്യാഷിന്റെ ചുമതലയുള്ള ക്ലാർക്കായിരുന്നുവെന്നും ടി തസ്തികയിൽ 10 വർഷത്തിൽ കൂടുതൽ കാലം തുടർന്നിരുന്നു എന്നും 01.06.2011 ൽ കെ.ബി 9370/10 എ.5(11) നമ്പരായി ഒന്നരലക്ഷം രൂപയുടെ സാമ്പത്തിക ക്രമക്കേട് ആരോപിച്ചു സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തുവെന്നും തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചുവെന്നും 17.01.2013 ൽ കെ.ബി 3614/11/ഇ4

ആയി ടിയാൻ കൈകാര്യം ചെയ്തിരുന്ന കാലയളവിലെ രേഖകൾ പരിശോധിച്ച് 18,39,498/- രൂപയുടെ സാമ്പത്തിക ക്രമക്കേട് ആരോപിച്ച് ഒരു ചാർജ്മെമ്മോ നൽകിയെന്നും ചാർജ്ജ് മെമ്മോ ലഭിക്കുകയും അതിനായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെടുകയും അതു നൽകാതിരുന്ന സാഹചര്യത്തിൽ 19.03.2013 ൽ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകുകയുണ്ടായിയെന്നും അന്തിമ തീരുമാനം ബോർഡിന് വിട്ടുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവിട്ടുവെന്നും തുടർന്ന് 19.02.2015 ൽ ബോർഡ് നേരിൽ കേൾക്കുകയും ടിയാന്റെ വാദഗതികൾ അംഗീകരിക്കാതെ 15.05.2015 ൽ സർവ്വീസിൽ നിന്നും പിരിച്ച് വിട്ടതായും ടി കാലയളവിൽ ടിയാൻ മാത്രമല്ല ക്യാഷ് കൈകാര്യം ചെയ്തിരുന്നതെന്നും ക്യാഷ് ബുക്ക് പരിശോധിച്ച ഉദ്യോഗസ്ഥർ ടി കാലയളവിൽ ഏതെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയോ ഏതെങ്കിലും ശിക്ഷണ നടപടികൾക്ക് വിധേയനാക്കുകയോ ചെയ്തിട്ടില്ലായെന്നുമാണ്. കൂടാതെ ടിയാനെ പിരിച്ചു വിട്ടതിനെതിരെ ഖാദി വ്യവസായ ബോർഡ് ചെയർമാന് 25.05.2015 തീയതി അപ്പീൽ പെറ്റീഷൻ നൽകിയെന്നും എന്നാൽ അപ്പീൽ പെറ്റീഷൻ നിലനിൽക്കെ റവന്യൂ റിക്കവറി നടപടിയ്ക്കായി ഖാദി ബോർഡ് നോട്ടീസ് നൽകിയിരുന്നുവെന്നും തുടർന്ന് നൽകിയ റിട്ട് പെറ്റീഷൻ പരിഗണിച്ച ബഹു. ഹൈക്കോടതി രണ്ട് മാസത്തിനുള്ളിൽ ചെയർമാന് നൽകിയ അപ്പീൽ പെറ്റീഷൻ തീർപ്പാക്കണമെന്നും അതുവരെ റിക്കവറി നടപടികൾ തടയുകയും ചെയ്തു എന്നാൽ ടിയാനെ കേൾക്കാതെയും ടിയാന്റെ വാദഗതികൾ പരിഗണിക്കാതെയും പ്രസ്തുത അപ്പീൽ പെറ്റീഷൻ 19.11.2015 ൽ നിരിസിച്ചുവെന്നും തുടർന്ന് 16.06.2017 തീയതി ബോർഡ് മുമ്പാകെ ഒരു റിവ്യൂ പെറ്റീഷൻ നൽകിയെന്നും റിവ്യൂ പെറ്റീഷനും പരിഗണിക്കാതെ വന്ന സാഹചര്യത്തിൽ വീണ്ടും ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചുവെന്നും 14.06.2019 ൽ WP (C) 14657/13 പ്രകാരം 09.11.2015 ലെ അപ്പീൽ നിരസിച്ച് കൊണ്ടുള്ള ചെയർമാന്റെ ഉത്തരവ് റദ്ദ് ചെയ്തുവെന്നും ടിയാന്റെ അപ്പീൽ പരിഗണിച്ച് രണ്ടുമാസത്തിനകം ടിയാനെ നേരിട്ട് കേട്ട് അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവുണ്ടായിയെന്നും തുടർന്ന് 30.08.2019 ൽ നേരിൽ കേട്ടുവെന്നും ആയതിന്റെ തീരുമാനമാണ് ആവശ്യപ്പെട്ടതെന്നും എന്നാൽ യാതൊരു നടപടിയും ആയിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 20.09.2022 തീയതി എസ്.പി. ഐ.ഒ നൽകിയ മറുപടി അവ്യക്തതയുള്ളതാണ്. അപേക്ഷകന്റെ മൂന്നാമത്തെ ചോദ്യത്തിന് അപ്പീൽ ഹർജിക്കാരൻ ഒഴികെ മറ്റ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിൽ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിട്ടില്ലാത്തതിനാൽ അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല എന്നാണ്. പണാപഹരണകേസുമായി ബന്ധപ്പെട്ട് ഒരു ക്ലാർക്കിനെ മാത്രം ശിക്ഷാനടപടിയ്ക്ക് വിധേയമാക്കുകയും ഒരു ക്ലാർക്കിന് മുകളിൽ സീനിയർ അക്കൗണ്ടന്റ്, ജൂനിയർ അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ II, ഫൈനാൻസ് അഡ്വൈസർ, ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥർ ഉണ്ടായിട്ടും 10 വർഷം ഒരേ തസ്തികയിൽ ജോലി ചെയത വേളയിൽ നടന്ന ഈ ക്രമക്കേടുകൾ ആരും കണ്ടെത്തിയില്ല

എന്നുമാത്രമല്ല കണ്ടെത്തിയതിനുശേഷം ഒരാളെ മാത്രം കുറ്റക്കാരനാക്കുകയാണ് ചെയ്തിട്ടുള്ളത്. 02.07.1998 ൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ലോവർ ഡിവിഷൻ ക്ലാർക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നേടുകയും പിന്നീട് 17.03.2003 ലെ കെ.ബി 7737/98/ഇ1(ബി) ഉത്തരവ് പ്രകാരം ബോർഡ് സർവ്വീസിൽ സ്ഥിരപ്പെടുത്തുകയും 15.01.2001 മുതൽ 31.05.2011 വരെ ബോർഡ് ഓഫീസിൽ ക്യാഷ്യറുടെ ചുമതല വഹിച്ച ടിയാൻ 10 വർഷത്തിൽ കൂടുതൽ കാലയളവിൽ അതേ തസ്തികയിൽ തുടരുകയും പ്രമോഷൻ ലഭിച്ച് അപ്പർ ഡിവിഷൻ ക്ലാർക്ക് ആകുകയും ചെയ്തു. 01.06.2011 ലെ കെ.ബി 9370/10/എ.5(11) നമ്പർ ഖാദി ബോർഡിന്റെ നടപടി ഉത്തരവ് പ്രകാരം ഒന്നരലക്ഷം രൂപയുടെ ക്രമക്കേട് ഉന്നയിച്ച് ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും 17.01.2013 ൽ കെ.ബി.3614/11/ഇ4 പ്രകാരം 18,39,498/- രൂപയുടെ സാമ്പത്തിക ക്രമക്കേട് ഉന്നയിച്ച് ചാർജ്ജ് മെമ്മോ നൽകുകയും ടിയാൻ ഇതിനെതിരെ WP(C) 6908/13 നമ്പരായി ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകുകയും 30.01.2015 ൽ അന്തിമ തീരുമാനം എടുക്കുവാൻ ഖാദി ബോർഡിന് വിട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതി ഉത്തരവാകുകയുണ്ടായി. എന്നാൽ 13.05.2015 ന് കെ.ബി.3614/11/ഇ4 നമ്പർ നടപടിക്രമം അനുസരിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 19,20,923/- രൂപ അപഹരിച്ച് എടുത്തു എന്നതിന് ടിയാളെ 01.06.2011 മുതൽ ഖാദി ബോർഡിന്റെ സേവനത്തിൽ നിന്നും പരിച്ച് വിടുകയുണ്ടായി. തുടർന്ന് 25.05.2015 ന് ഖാദി ബോർഡ് ചെയർമാൻ മുമ്പാകെ ടിയാൻ അപ്പീൽ പെറ്റീഷൻ നൽകി. പ്രസ്തുത അപ്പീൽ നിലനിൽക്കെ ഖാദി ബോർഡ് റിക്കവറി നടപടികൾക്ക് നോട്ടീസ് നൽകി. ഇതേ തുടർന്ന് ടിയാൻ 11.06.2015 ൽ WP(C) 17053/15 നമ്പരായി റിട്ട് പെറ്റീഷൻ ബഹു. കേരള ഹൈക്കോടതിയിൽ നൽകി. പ്രസ്തുത റിട്ട് പെറ്റീഷൻ പരിഗണിച്ച് ബഹു. കേരള ഹൈക്കോടതി ടിയാൻ 50% പെർമനന്റ് ഡിസബിലിറ്റി ഉള്ള വ്യക്തിയാണെന്നും ടിയാളെ പിരിച്ചുവിട്ട കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (punishment and appeal) റെഗുലേഷൻ (1965) ലെ പാർട്ട് III റൂൾ 5 (VII) ലെ clause 17,21 എന്നിവ പ്രകാരം അപ്പീൽ നൽകുന്നതിന് വ്യവസ്ഥയുണ്ട്. അതനുസരിച്ച് ടിയാൻ അപ്പീൽ സമർപ്പിച്ചുവെങ്കിലും അത് നിലനിൽക്കെ ഖാദി ബോർഡ് സെക്രട്ടറി 33,05,935/- രൂപ അടയ്ക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചു. 13.05.2015 ൽ ഒരു മേജർ പണിഷ്മെന്റ് നൽകി പിരിച്ചുവിട്ട ടിയാനെതിരെ അപ്പീൽ നിലനിൽക്കെ ഡിമാന്റ് നോട്ടീസ് നൽകിയത് ശരിയല്ലെന്നും പരാതിക്കാരന് നോട്ടീസ് നൽകി അഡീഷണൽ ആയി എന്തെങ്കിലും കൂട്ടി ചേർക്കാൻ ഉണ്ടെങ്കിൽ അതുകൂടി ചേർത്ത് ഈ വിധി പകർപ്പുകൾ ലഭിച്ച് 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാനും അപ്പീൽ അധികാരിയായ കേരള ഖാദി ബോർഡിന്റെ പരിഗണനയിലായതിനാൽ ആ പീരീഡിൽ എല്ലാ റിക്കവറി നടപടികളും നിർത്തിവയ്ക്കുവാനും 11.06.2015 ലെ WP (C) 17053/2015 നമ്പർ പ്രകാരം ഉത്തരവായി.

6. ടിയാന്റെ അപ്പീൽ പെറ്റീഷൻ 09.11.2015 ൽ നിരസിച്ചതായും 16.06.2017 ൽ ബോർഡ് മുമ്പാകെ റിവ്യൂ പെറ്റീഷൻ നൽകിയെന്നും അതു പരിഗണിക്കാത്ത സാഹചര്യത്തിൽ വീണ്ടും ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും WP (C) 14657/19 നമ്പരായി ഫയലിൽ സ്വീകരിക്കുകയും 14.06.2019 ന് വിധി പുറപ്പെടുവിക്കുകയും ഉണ്ടായി. പ്രസ്തുത വിധിയിലും പറയുന്നത് 13.05.2015 ലെ 3614/11/ഇ4 പ്രകാരം ടിയാനെ ഖാദി ബോർഡ് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതിനെതിരെ 25.05.2015 ൽ ടിയാൻ സ്റ്റാറ്റ്യൂട്ടറി അപ്പീൽ നൽകുകയും ബഹു. കേരള ഹൈക്കോടതി, 09.11.2015 ലെ ഉത്തരവ് setaside ചെയ്യുകയും പരാതിക്കാരന്റെ അപ്പീൽ വീണ്ടും പരിഗണിച്ച് ടിയാന് ഹിയറിംഗ് നൽകി ഒരു സ്പീക്കിംഗ് ഓർഡർ രണ്ട് മാസത്തിനുള്ളിൽ പുറപ്പെടുവിക്കണമെന്നും റിക്കവറി നടപടികൾ നിർത്തി വയ്ക്കണമെന്നും ജഡ്ജ്മെന്റിൽ വ്യക്തമാക്കുകയുണ്ടായി.

7. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30.08.2019 ൽ ഖാദി ബോർഡ് സെക്രട്ടറി ടിയാനെ നേരിൽ കേട്ടു എങ്കിലും യാതൊരു ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായില്ല. 2011 ൽ ആരംഭിച്ച നടപടി 2022 ലും ഒന്നും ആകാത്തതിനാലാണ് ജീവനെയും സ്വാതന്ത്ര്യത്തെയും ബാധിക്കുന്ന വിഷയം എന്ന രീതിയിൽ 48 മണിക്കൂറിനകം വിവരം ലഭിക്കുന്നതിനായി കേരള ഖാദി ബോർഡിന് വിവരാവകാശ അപേക്ഷ സമർപ്പിച്ചത്.

8. വിവരാവകാശ അപേക്ഷയിലൂടെ ശ്രീ. ശിവരാജൻ ചെട്ടിയാർ ആവശ്യപ്പെട്ടത് KB3614/2011/E4 നമ്പർ ഫയലിന്റെ മുഴുവൻ പേജിന്റെയും പകർപ്പുകളാണ്. ഇതിന് നൽകിയ മറുപടിയിൽ പണാപഹരണത്തിന്റെ ഭാഗമായി KB3614/2011/E4 നമ്പർ ഫയൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറിയിട്ടുണ്ടെന്നും ആയത് തിരികെ ലഭിച്ചിട്ടില്ല എന്നുമാണ്. 13.05.2015 നാണ് ടിയാനെ സർവ്വീസിൽ നിന്നും പിരിച്ച് വിട്ടത്. 2017 ലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് എന്ന് അപ്പീൽ വാദി അറിയിക്കുകയുണ്ടായി. ആവശ്യപ്പെട്ട ഫയൽ മറ്റൊരു അധികാര സ്ഥാനത്ത് ആണെങ്കിൽ 6(3) പ്രകാരം കൈമാറേണ്ടതാണ്. അപ്രകാരം ചെയ്തതായി കാണുന്നില്ല. മാത്രവുമല്ല വിജിലൻസിന് ഫയൽ നൽകിയ തീയതിയും മറുപടിയിൽ ലഭ്യമല്ല. രണ്ടാമത്തെ ചോദ്യം 14.06.2019 ലെ ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം നടത്തിയ ഹിയറിംഗിന്റെ തീരുമാനം എന്താണ് എന്നതായിരുന്നു. അതിന് 14.06.2019 ലെ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ഹിയറിംഗ് നടത്തി റിപ്പോർട്ട് ബഹു. ചെയർമാന് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ തുടർനടപടികൾ ഫയലിൽ ലഭ്യമല്ലായെന്ന മറുപടിയുമാണ് നൽകിയത്. എന്നാൽ അപ്പീൽവാദി ഹാജരാക്കിയ 14.06.2019 ലെ ബഹു. ഹൈക്കോടതി വിധിയിൽ 9.11.2015 ലെ ഉത്തരവ് റദ്ദാക്കുകയും രണ്ട് മാസത്തിനകം ടിയാൾക്ക് നോട്ടീസ് നൽകി പരാതിക്കാരന്റെ അപ്പീൽ വീണ്ടും പരിഗണിച്ച് രണ്ട് മാസത്തിനകം ഒരു സ്പീക്കിംഗ് ഓർഡർ നൽകണമെന്നുമായിരുന്നു. 25.05.2015 ന് ഖാദി ബോർഡ് ചെയർമാന് നൽകിയ സ്റ്റാറ്റ്യൂട്ടറി അപ്പീൽ ആണ് ഇപ്പോഴും ചെയർമാന്റെ അടുത്ത് പെൻഡിംഗ് ആണെന്നാണ് എസ്.പി.ഐ.ഒ അറിയിച്ചത്. 25.05.2015 ന് ശേഷം രണ്ട് കോടതി വിധികളിലും അപ്പീൽ പരിശോധിച്ച് രണ്ട് മാസത്തിനകം തീരുമാനിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

ഇപ്പോൾ മൂന്നാമത്തെ ചെയർമാന്റെ കൈവശമാണ് തീർപ്പാക്കാനുള്ള അപ്പീൽ ഫയൽ ഉള്ളത്. നാലാം ചോദ്യമായ ബഹു. ഹൈക്കോടതി ഉത്തരവുകൾ പ്രകാരം ആർ. ആർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിവരം പകർപ്പ് ഉൾപ്പെടെ നൽകുക എന്നതായിരുന്നു. അതിന് ബഹു. ഹൈക്കോടതി ഉത്തരവുകൾ പ്രകാരം ആർ. ആർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയ കാലയളവിൽ താങ്കളുടെ വസ്തു കൈമാറ്റത്തിന് ഖാദി ബോർഡ് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല എന്നാണ് നാല്, അഞ്ച് ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളത്. 2015 ലെയും 2019 ലെയും കോടതി വിധികളിൽ അപ്പീൽ തീർപ്പാക്കുന്നതു വരെ ആർ. ആർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. ചെലാൻ വഴിയുള്ള വരവിൽ ചെലാനിൽ ആളിന്റെ പേര്, വ്യവസായം, വായ്പതുക, പലിശ തുടങ്ങിയവ രേഖപ്പെടുത്തിയില്ലായെങ്കിൽ " Unclassify" ആയാണ് ബുക്ക് ചെയ്യാറുള്ളതെന്നും ഇത്തരം Unclassify ആയി ബുക്ക് ചെയ്തവയിൽ ബാദ്ധ്യത ഉൾപ്പെട്ടിട്ടുണ്ടെന്ന ടിയാളുടെ വാദത്തെ ആധികാരികമായ തെളിവ് ഇല്ലെന്ന് പറഞ്ഞ് തള്ളുകയാണ് ഉണ്ടായത്. ഇത് പരിശോധിക്കുവാൻ ഖാദി ബോർഡ് തയ്യാറായതായി കാണുന്നുമില്ല.

9. 2017 ൽ ഖാദി ബോർഡിൽ നിന്നും വസ്തുകൈമാറ്റ വിലക്ക് ഏർപ്പെടുത്തുന്നതിന് കത്തിടപാടുകൾ നടത്തിയിട്ടില്ലായെന്നും ബഹു. ഹൈക്കോടതി ആർ. ആർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയ കാലയളവിൽ വസ്തു കൈമാറ്റത്തിന് ഖാദി ബോർഡ് വിലക്ക് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ട പ്രകാരമുള്ള കത്ത് നൽകുവാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് ഒന്നാം അപ്പീൽ അധികാരി നൽകിയത്.

10. എന്നാൽ സ്റ്റാറ്റ്യൂട്ടറി അപ്പീലിൽ തീർപ്പ് കൽപ്പിക്കാതെ 2015 ലെയും 2019 ലെയും ബഹു. കോടതി വിലക്ക് നിലനിൽക്കുന്ന സാഹചര്യത്തിലാണ് 2017 ൽ കേരള ഖാദി ബോർഡ് വസ്തു കൈമാറ്റ വിലക്ക് ഏർപ്പെടുത്തിയതെന്നും അതിപ്പോഴും തുടരുന്നുവെന്നും 2017 ൽ നൽകിയ കത്തിന്റെ പകർപ്പാണ് ആവശ്യപ്പെട്ടതെന്നും അപ്പീൽവാദി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

11. മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ ഖാദി ബോർഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് ഉണ്ടായതും 2011 ൽ കണ്ടെത്തിയതുമായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടികൾ ഇതുവരെയും സ്വീകരിച്ചിട്ടില്ല എന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുന്നിനുള്ള ഗുരുതരവീഴ്ചയായി കമ്മീഷൻ നിരീക്ഷിക്കുന്നു. 15.01.2001 ൽ എൽ.ഡി ക്ലാർക്കായിരുന്ന ടിയാൻ 01.06.2011 ൽ ക്യാഷ്യറുടെ ചുമതലയുള്ള അപ്പർ ഡിവിഷൻ ക്ളാർക്ക് ആയിരിക്കുമ്പോഴാണ് നടപടികൾ ആരംഭിക്കുന്നത്. ഒരു മേജർ പണിഷ്മെന്റ് ആയ പിരിച്ച് വിടലിന് ആധാരമായ രേഖകൾ അടങ്ങിയ ഫയലിലെ വിവരങ്ങളാണ് ടിയാൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്. 2017 ൽ ടിയാനെതിരെ വിജിലൻസ് കേസും ഫയൽ ചെയ്തിട്ടുണ്ട്. 2022 ലും പ്രസ്തുത കേസിനെ സംബന്ധിച്ച യാതൊരുവിധ വിവരവും ലഭ്യമായിട്ടില്ലായെന്നും ടിയാൻ കമ്മീഷനെ ബോധിപ്പിച്ചു. 01.06.2011 ൽ കെ. ബി 9370/10/എ5(11) -ാം നമ്പരായി ഒന്നര ലക്ഷം രൂപയുടെ സാമ്പത്തിക ക്രമക്കേട് ആരോപിച്ച് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അത് തെറ്റായ വിവരമാണ് എന്ന് കണ്ടെത്തിയിട്ടു

ണ്ടെന്നും 17.01.2013 ൽ കെ ബി 3614/11/ഇ4 ആയി ക്യാഷ് കൈകാര്യം ചെയ്തിരുന്ന കാലയളവിലെ രേഖകൾ പരിശോധിച്ച് 18,39,490/- രൂപയുടെ ക്രമക്കേടിന് ചാർജ്ജ് മെമ്മോ നൽകുകയും 13.05.2015 ലെ കെ.ബി 3614/2011/ഇ4 നമ്പർ നടപടി പ്രകാരം 19,20,923/- രൂപയുടെ ക്രമക്കേടിന് 01.06.2011 തീയതിയിൽ പ്രാബല്യത്തിൽ ടിയാളെ പിരിച്ച് വിടുകയും ചെയ്തു. പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധി യിൽ വരുന്ന വിഷയമല്ല എന്നിരുന്നാലും മാനുഷിക പരിഗണന അർഹിക്കുന്ന വിഷയം എന്ന നിലയിൽ പരിശോധിക്കുമ്പോൾ 2011 ൽ ഒന്നരലക്ഷം രൂപയിൽ തുട ങ്ങിയ ക്രമക്കേട് 60 ലക്ഷത്തിൽ എത്തി നിൽക്കുകയും, ബഹു. ഹൈക്കോടതി വിധി ഉണ്ടായിട്ടും ഭൂമിക്ക് കൈമാറ്റ വിലക്കും നിലനിൽക്കുന്നു. ഇതുവരെ ഒരു രൂപ പോലും കേരള ഖാദി ബോർഡിന് ടിയാനിൽ നിന്ന് ഈടാക്കാൻ സാധിച്ചിട്ടില്ല. ക്യാഷറുടെ മുകളിൽ 4 സൂപ്പർ വൈസറി ഓഫീസർമാർ 10 കൊല്ലം ഒരു പ്രശ്നവും കണ്ടുപിടിക്കാതെ 11 -ാം വർഷം നടപടി സ്വീകരിച്ചു. ഇതുമായി ബന്ധമുള്ള മൂന്ന് പേർ മരണപ്പെട്ടുവെന്ന് എസ്.പി.ഐ.ഒ മൊഴി നൽകുകയുണ്ടായി. ബഹു. വ്യവസായ മന്ത്രിമാരായ 3 പേർ കേരള ഖാദി ബോർഡിൽ ചെയർമാൻമാരായി. സ്റ്റാറ്റ്യൂട്ടറി അപ്പീൽ ബഹു. കോടതി ഉത്തരവുകൾ ഉണ്ടായിട്ടും പരിഗണിച്ചതായി കാണുന്നില്ല.

12. ടിയാൻ ആവശ്യപ്പെട്ട വിവരം പൂർണ്ണമായും വ്യക്തമായും നൽകുവാൻ എസ്.പി. ഐ.ഒയ്ക്ക് ബാദ്ധ്യതയുണ്ട്. ഫയലിലെ വിവരം ലഭിച്ചാൽ മാത്രമേ അപ്പീൽ വാദിക്ക് തന്റെ ഭാഗം ന്യായീകരിക്കാൻ കഴിയൂ. മാത്രവുമല്ല ആവശ്യപ്പെട്ട വിവരം ഒന്നും തന്നെ വിവരാവകാശ നിയമം സെക്ഷൻ 8,9 എന്നിവയിൽ പ്പെടുന്നവ യല്ലായെന്നും ഫയൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ ആണെന്നുമുള്ള എസ്.പി.ഐ. ഒയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നില്ല. അപേക്ഷകൻ ആവശ്യപ്പെട്ട വിവരം എസ്.പി.ഐ.ഒയുടെ പക്കൽ ലഭ്യമല്ലെങ്കിൽ വിവരം ലഭ്യമാക്കാവുന്ന പൊതു അധി കാരിയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷയുടെ പകർപ്പ് കൈമാറി വിവരം അപേക്ഷകനെ അറിയിക്കേണ്ടതായിരുന്നു. അത്തരത്തിൽ ഒരു നടപടി സ്വീകരിക്കാതെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ് എസ്.പി. ഐ.ഒ ചെയ്തിട്ടുള്ളത്. 14.06.2019 ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 30.08.2019 ന് ഹിയറിംഗ് നടത്തി റിപ്പോർട്ട് ബഹു. ചെയർമാന് സമർപ്പിച്ച് 2022 ആയിട്ടും നാളിതുവരെ യാതൊരു നടപടിയും ലഭ്യമാക്കിയിട്ടില്ല എന്നത് കമ്മീഷൻ ഗൗരവത്തിൽ കാണുന്നു. ആർ. ആർ നടപടികൾക്ക് വിലക്ക് ഏർപ്പെടു ത്തിയ കാലയളവിൽ ടിയാന്റെ വസ്തു കൈമാറ്റത്തിന് ഖാദി ബോർഡ് വിലക്ക് ഏർപ്പെടുത്തിയിരുന്നില്ല എന്നും ബഹു. കേരള ഹൈക്കോടതിയുടെ 31.05.2015 ലെ വിലക്ക് നിലനിൽക്കെ, 14.06.2019 ലും തുടർ വിലക്ക് ഏർപ്പെടുത്തിയതായും, ഖാദി ബോർഡ് 2017 ലാണ് വസ്തു കൈമാറ്റ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതെന്നും കാണുന്നു. ഖാദി ബോർഡ് വസ്തു കൈമാറ്റത്തിന് ഏർപ്പെടുത്തിയ വിലക്കിന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ടും അത് അനുവദിക്കാത്തതിനാൽ മുരുക്കുംപുഴ സബ് രജിസ്ട്രാർ ഓഫീസിൽ നൽകിയിട്ടുള്ള വസ്തു കൈമാറ്റ വിലക്കിന്റെ പകർപ്പ് നൽകാൻ നടപടി സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

13. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 14.09.2022 ലെ വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച്, 30.08.2019 ന് ഹിയറിംഗ് നടത്തിയ ശേഷം സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം, ഖാദി ബോർഡ് വസ്തു കൈമാറ്റത്തിന് സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ച വിലക്കിന്റെ പകർപ്പ് ഉൾപ്പെടെ വ്യക്തമായ വിവരം സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

14. മുകളിൽ പരാമർശിച്ചിട്ടുള്ള 6,7,8,9,11 എന്നീ ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള വസ്തുതകൾ പരിശോധിക്കുമ്പോൾ ഈ വിഷയത്തിൽ ഒരു പുന:രന്വേഷണം ആവശ്യമുണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികളിൽ നിന്നും ബഹു. കേരളഹൈക്കോടതിയുടെ രണ്ട് വിധികളും സർക്കാർ രണ്ട് മാസത്തിനകം നടപ്പാക്കേണ്ടതായിരുന്നു. അപ്പീൽവാദി കോർട്ട് അലക്ഷ്യത്തിന് കേസ് ഫയൽ ചെയ്യാത്തതു കൊണ്ടുമാത്രമാണ് ഇത് അനിശ്ചിതമായി നീണ്ടുപോകുന്നതെന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ 6,7,8,9,11 എന്നീ ഖണ്ഡികകളിൽമേൽ സൂചിപ്പിച്ച വിഷയത്തിൽ ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തുവാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ആയതിലേയ്ക്കായി ടി ഉത്തരവിന്റെ പകർപ്പ് വ്യവസായ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയ്ക്ക് കമ്മീഷൻ സെക്രട്ടറി മുഖാന്തിരം അയച്ചു നൽകേണ്ടതാണ്.

15. ഇപ്രകാരം ഈ അപ്പീൽ ഹർജിയിൻമേൽ **ഇന്നേ** ദിവസം **2023 ജനുവരി മാസം 20–ാം തീയതി ഉത്തരവാകുന്നു.**

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി